## പതിനാലാം കേരള നിയമസഭ
## 5-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1997 — 04.05.2017 -ൽ മറുപടിയ്ക്ക്

# ഗ്രീൻ കാർപെറ്റ് പദ്ധതിയുമായി സംയോജിപ്പിച്ച് ഹൗസ് ബോട്ട് മാലിന്യ സംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>,, എ.എം. ആരിഫ് : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ വേമ്പനാട്ട് കായലിലും അനുബന്ധ കായലുകളിലും സഞ്ചരിക്കുന്ന വീട്ടുവഞ്ചികൾ (ഹൌസ് ബോട്ട്) ശാസ്ത്രീയ മാലിന്യ സംസ്കരണ രീതികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; | (എ) പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിൽ ഹൗസ് ബോട്ടുകളിൽ നിന്നുമുള്ള മലിനീകരണം തടയുന്നതിനായി രണ്ട് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) കൾ സ്ഥാപിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിൽ വന്നതിലൂടെ കായലോര പരിസ്ഥിതി സംരക്ഷണവും ജലാശയങ്ങളുടേയും കായലോരങ്ങളുടേയും മലിനീകരണവും നിയന്ത്രിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം നിയന്ത്രിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തിലൂടെയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ഹൗസ് ബോട്ടുകൾക്കുള്ള ക്ലാസിഫിക്കേഷനിൽ ശാസ്ത്രീയ മാലിന്യ നിർമ്മാർജ്ജനം ഒരു ഘടകമായതിനാൽ ബയോ ടോയ് ലറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) ഇവയിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിന് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്തുന്ന ബോട്ടുകളുടെ എണ്ണം കുറവാണെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | നിലവിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(സി) ഹൌസ് ബോട്ടുകളിൽ ബയോടോയ്‌ലറ്റ് സംവിധാനം ഒരുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; ഗ്രീൻ കാർപെറ്റ് പദ്ധതിയുമായി ഇതിനെ സംയോജിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഹൗസ് ബോട്ടുകളിൽ ബയോ ടോയ് ലറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുകയാണ്. ഹൗസ് ബോട്ടുകൾക്കുള്ള ക്ലാസിഫിക്കേഷൻ നൽകുന്ന മാർഗ്ഗ രേഖകളിൽ ബയോ ടോയ് ലറ്റ് സംവിധാനത്തിന് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഈ സൗകര്യം ഉൾപ്പെടുത്തിയുള്ള ഹൗസ് ബോട്ടുകൾക്ക് പ്രത്യേക ക്ലാസിഫിക്കേഷൻ സർട്ടിഫിക്കേറ്റ് നൽകുന്ന രീതി നടപ്പിലാക്കി വരുന്നു. ഹൗസ് ബോട്ടുകളിൽ നിന്ന് പുറന്തള്ളപ്പെടുന്ന മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും പൊതുജനപങ്കാളിത്തത്തോടെയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഗ്രീൻ കാർപ്പറ്റ് പദ്ധതിയുമായി ഇതിനെ സംയോജിപ്പിക്കുന്നത് നിലവിൽ വകുപ്പിന്റെ പരിഗണനയിലില്ല. എങ്കിലും ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ